**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1883** **13-02-2025 - ൽ മറുപടിയ്ക്ക്**

**സ്പോർട്സ് കൗൺസിൽ ഹോസ്റ്റലുകൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. ആന്റണി ജോൺ</th><th colspan="2">ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് സ്പോർട്സ് കൗൺസിലുകളുടെ കീഴിൽ എത്ര ഹോസ്റ്റലുകൾ നിലവിലുണ്ടെന്നും ഇവിടെ എത്ര വിദ്യാർത്ഥികൾ താമസിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;</td><td>(എ)</td><td>സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ ജില്ലകളിലായി 27ജില്ലാ സ്പോർട്സ് അക്കാദമികൾ, 42 കോളേജ് സ്പോർട്സ് അക്കാദമികൾ, 16 സ്കൂൾ സ്പോർട്സ് അക്കാദമികൾ എന്നിവ പ്രവർത്തിക്കുന്നതിൽ ആകെ 1915 കായിക താരങ്ങൾ താമസിച്ച് പരിശീലനം നേടി വരുന്നുണ്ട്.</td></tr>
<tr><td>(ബി)</td><td>ഇവരുടെ ഭക്ഷണത്തിനും മറ്റും മുടക്കം വരാത്ത വിധത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;</td><td>(ബി)</td><td>ഇവരുടെ ഭക്ഷണത്തിനും മറ്റും മുടക്കം വരാത്ത രീതിയിൽ ആവശ്യമായ ക്രമീകരണങ്ങൾ ജില്ലാ സ്പോർട്സ് കൗൺസിലുകൾ വഴി നടത്തിവരുന്നു. ഓരോ വർഷത്തെയും ഹോസ്റ്റലുകളുടെ പ്രവർത്തനത്തിന് ആവശ്യമായ തുക ബജറ്റ് വിഹിതമായിട്ടാണ് ലഭ്യമാക്കുന്നത്. ഹോസ്റ്റലുകളിലെ കായിക താരങ്ങൾക്ക് സമയബന്ധിതമായി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ച് വരുന്നു.<br><br>2024-25 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികളുടെ Boarding and Lodging ചെലവുകൾക്കായി ചുവടെ നൽകിയ പട്ടിക പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.<br><br><table><tr><th>sl. no.</th><th>സ്കീം</th><th>ഭരണാനുമതി നൽകിയത്</th><th>അനുവദിച്ച തുക</th></tr><tr><td>1.</td><td>Boarding and Lodging</td><td>15,00,00,000/-</td><td>12,09,09,708/-</td></tr></table></td></tr>
<tr><td>(സി)</td><td>പ്രസ്തുത ഹോസ്റ്റലുകളിലെ കുട്ടികൾക്കുള്ള ആനുകൂല്യങ്ങൾ കൃത്യമായി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;</td><td>(സി)</td><td>ഇവരുടെ ഭക്ഷണത്തിനും മറ്റും മുടക്കം വരാത്ത രീതിയിൽ ആവശ്യമായ ക്രമീകരണങ്ങൾ ജില്ലാ സ്പോർട്സ് കൗൺസിലുകൾ വഴി നടത്തിവരുന്നു. ഓരോ വർഷത്തെയും ഹോസ്റ്റലുകളുടെ പ്രവർത്തനത്തിന് ആവശ്യമായ തുക ബജറ്റ് വിഹിതമായിട്ടാണ് ലഭ്യമാക്കുന്നത്. ഹോസ്റ്റലുകളിലെ കായിക താരങ്ങൾക്ക് സമയബന്ധിതമായി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ച് വരുന്നു.<br><br>2024-25 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികളുടെ Boarding and</td></tr>
</table>

<table>
<tr><td></td><td></td><td></td><td>Lodging ചെലവുകൾക്കായി ചുവടെ നൽകിയ പട്ടിക പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.<br><br><table><tr><td>sl. no.</td><td>സ്കീം</td><td>ഭരണാനുമതി നൽകിയത്</td><td>അനുവദിച്ച തുക</td></tr><tr><td>1.</td><td>Boarding and Lodging</td><td>15,00,00,000/-</td><td>12,09,09,708/-</td></tr></table></td></tr>
<tr><td>(ഡി)</td><td>പ്രസ്തുത സ്ഥാപനങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും കൂടുതൽ കായിക താരങ്ങൾക്ക് താമസസൗകര്യം ഒരുക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?</td><td>(ഡി)</td><td>ഓരോ ഹോസ്റ്റലുകളിലെയും പരിശീലന, താമസ സൗകര്യങ്ങൾ ഉൾപ്പെടെയുള്ള വിഷയങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.</td></tr>
</table>

സെക്ഷൻ ഓഫീസർ